ബോധ്യപ്പെട്ടാൽ ആയതുപ്രകാരവും നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ ഉള്ള കാര്യങ്ങൾ വിജിലൻസ് നോക്കാറില്ല. ആയതു വിജിലൻസ് ഉദ്യോഗസ്ഥർ പരിഗണിക്കാറില്ല. വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ് വിജിലൻസ് നടപടി സ്വീകരിക്കുന്നത്. നിയമപരമായി വിജിലൻസ് അത്തരം നടപടികൾ എടുക്കുമ്പോൾ മറ്റു പരിഗണനകൾക്ക് യാതൊരു പ്രസക്തിയുമില്ല.

(സി) വിജിലൻസ് അന്വേഷണം നടത്താതിരിക്കുന്ന എന്ന രീതിയിലുള്ള പരാതിയുമായി ആർക്കും കോടതിയെ സമീപിക്കാനുള്ള അവകാശമുണ്ട്. വിജിലൻസ് തങ്ങൾക്ക് ലഭിക്കുന്ന പരാതികളിൽ നിയമപരമായ നടപടി സ്വീകരിക്കാറുണ്ട്. ബാർ കോഴ കേസ്സിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ട വസ്തുതകൾ യഥാസമയം കോടതിയെ അറിയിച്ചിട്ടുണ്ട്.

(ഡി) സ്വാഭാവിക നീതിന്യായ പ്രക്രിയയെ ദുർബലപ്പെടുത്തുന്ന ഒരു പ്രവൃത്തിയും നടന്നിട്ടില്ല.

(ഇ & എഫ്) മുൻ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീ. രാഹുൽ ആർ. നായർ, തിരുവനന്തപുരം പോലീസ് ഇൻസ്പെക്ടർ ജനറൽ ശ്രീ.മനോജ് എബ്രഹാം ഐ.പി.എസ്, അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ ശ്രീമതി ശ്രീലേഖ, ഐ.പി.എസ്. എന്നിവരുടെ മൊഴികൾ ശ്രീ.രാഹുൽ ആർ. നായർക്കെതിരെ ഉയർന്ന ആരോപണവുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയിട്ടുണ്ട്. ടി മൊഴികളുടെയും മറ്റു സാക്ഷിമൊഴികൾ, ബന്ധപ്പെട്ട രേഖകൾ എന്നിവയുടെയും അടിസ്ഥാനത്തിലാണ് അന്വേഷണ റിപ്പോർട്ട് സർക്കാരിന് നൽകിയത്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ ആർ.നായർ, ഐ.പി.എസ്.-നെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാഹുൽ ആർ. നായർക്കെതിരെ വി.സി.5/14-എസ്.ഐ.യു.-I നമ്പരായി ഒരു വിജിലൻസ് കേസ് 17-11-2014-ൽ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

259 (261) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലും വിവിധ കേസുകളിൽ പിടിച്ചിട്ട വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെല്ലാം ജില്ലകളിൽ വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ;

(സി) പിടിക്കപ്പെട്ട വാഹനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികളും മറ്റും മോഷണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇവ തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം.

(എ) അബ്കാരി കേസുമായി ബന്ധപ്പെട്ട വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിന് നൽകിയും, പുഴ മണൽ, കന്നിടിച്ച മണ്ണ് എന്നിവയുടെ അനധികൃത കടത്തുമായി ബന്ധപ്പെട്ട വാഹനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അതുമായി ബന്ധപ്പെട്ട വകുപ്പിന് നൽകിയും കേസുകളിൽ തീർപ്പുകൽപ്പിച്ച് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പോലീസ് കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസുകൾ തീരുന്ന മുറയ്ക്ക് ഉടമസ്ഥന് നോട്ടീസ് മുഖാന്തിരം അറിയിപ്പ് നൽകിയും അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ ഒഴിവാക്കുന്നതിനായി കേരള പോലീസ് ആക്ട് 56-ാം വകുപ്പ് പ്രകാരം പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പിടിക്കപ്പെട്ട വാഹനങ്ങളിൽനിന്ന് യന്ത്ര സാമഗ്രികളും മറ്റും മോഷണംപോയ കേസുകളിൽ ക്രൈം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കേസുകളിൽ പിടിച്ചിട്ട വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ മതിയായ സുരക്ഷയും ശക്തമായ പോലീസ് നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്.

മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം

260 (262) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം വർദ്ധിച്ചുവരുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly